

# ലോകത്തിന് ഇന്നത്തെ ആവശ്യം

Giving Light to Our World

## ലോകത്തിന് ഇന്നത്തെ ആവശ്യം

പ്രശസ്തമായ ഒരു ഗാനത്തിന്റെ വരികൾ ഇങ്ങനെയാണ് ''ലോകത്തിന് ഇന്നത്തെ ആവശ്യം സ്നേഹം, മാധുര്യ സ്നേഹം ആണ്." നിർഭാഗ്യവശാൽ മറ്റൊരു ഗാനത്തിൽ "തെറ്റായ സ്ഥലങ്ങളിലെല്ലാം സ്നേഹത്തിനു വേണ്ടി നോക്കി ഞാൻ അലയുന്നു" എന്നും വിലപിക്കുന്നു. ഇതിനോടു നിങ്ങളുടെ അഭിപ്രായം എന്താണ്? നിങ്ങൾക്കും എനിക്കും മാത്രമല്ല, മിക്കവാറും എല്ലാവർക്കും തന്നെ യഥാർത്ഥസ്നേഹം അനുഭവിക്കുന്നതിനുള്ള ആന്തരിക ആവശ്യം ഉണ്ട്. പക്ഷെ ഇതിനു വിപരീതമായി വില മതിപ്പാനാകാത്ത എന്തോ കണ്ടു കൊണ്ട് അതിന്റെ പിന്നാലെ പായുന്നവർ മായാവലയത്തിന്റെ സ്വപ്നലോകത്തിൽ എന്നപോലെ ആയിത്തീരുന്നു. അത് കൈക്കലാകാതെ പോകുന്നതുപോലെ പലപ്പോഴും അവർ ഇരിക്കുന്നു.

"ദൈവം സ്നേഹം തന്നെ" എന്നു ബൈബിൾ നമ്മെ അറിയിക്കുന്നു (1 യോഹ. 4:8). അതു മാത്രമല്ല "ഈ അന്ത്യകാലത്ത്" (1 തിമൊ 3:1) ഭൂമിയുടെ സ്യഷ്ടിതാവിന് സ്നേഹത്തിന്റെ ഒരു പ്രത്യേക ദൂതും കൂടെയുണ്ട്. വിശ്വസിച്ചാലും ഇല്ലെങ്കിലും ഈ അന്ത്യകാലദൂത് സ്നേഹവും കല്പനയും ഒരുമിച്ചുള്ളതാണ് (വെളി. 14:12–14 കാണുക). കാരണം

യഥാർത്ഥ സ്നേഹം ധാർമ്മികസ്നേഹം ആണെന്നതു തന്നെ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ കഴമ്പില്ലാത്ത വെറും വികാരങ്ങളല്ല സ്നേഹം.

ഓരോ രാഷ്ട്രത്തിനും ഭരണകൂടത്തിനും സംസ്ഥാനത്തിനും നഗരത്തിനും ഗ്രാമത്തിനുമെല്ലാം നിയമങ്ങളുടെ നിയമരാഹിത്യം നാശത്തിലെത്തിക്കുന്നു. സകലനിയമങ്ങളെക്കാളും ഉന്നതത്തിൽ നില്ക്കുന്ന ഒരു നിയമമുണ്ട്: പത്തു കല്പനകൾ. ഈ പത്തു കല്പനകൾ അതിശ്രേഷ്ഠമായിരിക്കുന്നതിന്റെ പ്രധാന കാരണം ഇതാദ്യമായി എഴുതിയത് പേന, പെൻസിൽ, കീബോർഡ്, ശബ്ദലേഖനം, സോഫ്റ്റ്വെയർ എന്നിവ കൊണ്ടൊന്നുമല്ല, "ദൈവത്തിന്റെ വിരൽ കൊണ്ടാണ്" (പുറപ്പാട് 31:18). അതു പൂർണ്ണമായി പുറ പ്പാട് 20:1–17 ൽ കാണാവുന്നതാണ്. ലളിതമായ ഭാഷയിൽ പത്തു കല്പനകളുടെ രത്നച്ചുരുക്കം ചുവടെ കാണുക.

1) ദൈവത്തിന് ഒന്നാം സ്ഥാനം കൊടുക്കുക
2) വിഗ്രഹങ്ങളെ ആരാധിക്കരുത്
3) ദൈവനാമത്തെ ബഹുമാനിക്കുക
4) ഏഴാം ദിവസത്തെ (ശനിയാഴ്ച) ശബ്ബത്തായി ആചരിക്കുക
5) അപ്പനെയും അമ്മയെയും ബഹുമാനിക്കുക
6) കൊല ചെയ്യരുത്
7) വ്യഭിചാരം ചെയ്യരുത്

8) മോഷ്ടിക്കരുത്

9) കള്ളസാക്ഷ്യം പറയരുത്

10) മോഹിക്കരുത്

ഈ കല്പനകൾ അനുസരിക്കുന്ന സമൂഹം എങ്ങനെ ആയിരിക്കുമെന്ന് സങ്കല്പിച്ചു നോക്കുക. കള്ളന്മാർ ഉണ്ടായിരിക്കയില്ല. കൊലയാളികളും വെടിയുണ്ടകളും കാണുകയില്ല. ജയിലുകളോ വാതിലുകൾക്ക് പൂട്ടുകളോ പോലീസോ ആവശ്യമില്ല. ആഭ്യന്തര സുരക്ഷാ വിഭാഗം ആവശ്യമുണ്ടോ? ഇല്ല. കാരണം ഭീകരന്മാരോ, വിമാനറാഞ്ചികളോ, ബോംബുകളോ, യാതൊന്നുമില്ല. പകരം, മനുഷ്യർ പരസ്പരം മാന്യതയോടും ദയാവായ്പോടും ബഹുമാനത്തോടും പെരുമാറുന്നു. ഇങ്ങനെയുള്ള പരിതസ്ഥിതിയിൽ കുടുംബങ്ങൾ പുരോഗതി പ്രാപിക്കുകയും കുട്ടികൾ സുരക്ഷിതരായി വളരുകയും ഓരോ ഹൃദയവും സന്തോഷം കൊണ്ട് നിറഞ്ഞു തുളുമ്പുകയും ചെയ്യും.

ആകാശകോട്ട കെട്ടാതെ താഴെ ഇറങ്ങുക, ഇതൊന്നും നടക്കുന്ന കാര്യമല്ല എന്നു നിങ്ങൾ ചിന്തിക്കുമായിരിക്കും. ശരിയല്ലെ? ഇത് അളക്കാനാകാത്തതാണെന്നു എനിക്കും അറിയാം. പക്ഷെ ഒരിയ്ക്കൽ അത് സംഭവിക്കുമെന്ന് ബൈബിൾ പറയുന്നു. "ഇതാ ഞാൻ സകലവും പുതുതാക്കുന്നു എന്ന് സർവ്വശക്തനായ ദൈവം അരുളി ചെയ്യുന്നു"

(വെളിപ്പാട് 21:5). അതു മാത്രമല്ല, നിങ്ങൾ നല്ല തീരുമാനമെടുക്കുമെങ്കിൽ ആ പറുദീസയിൽ എന്നെന്നും ജീവിക്കയും ചെയ്യും. അതു ഞാൻ വീണ്ടും വിവരിക്കാം:

യേശു ക്രിസ്തുവിനെ കുറിച്ചുള്ള ഒരു പുരാതന പ്രവചനത്തിൽ ഇതിന്റെ മർമ്മം വെളിവാക്കപ്പെട്ടിരിക്കുന്നു. "അവന് യഹോവ നമ്മുടെ നീതി എന്നു പേർ പറയും എന്നു യഹോവയുടെ അരുളപ്പാട് (യിരെ 23:6). ''നീതി'' അല്ലെങ്കിൽ ''നല്ല പ്രവൃത്തി'' എന്നതിന്റെ അർത്ഥം ''നീതിയുടെ പ്രമാണം" (റോമർ 9:31) ആയ പത്തു കല്പന തെറ്റു കൂടാതെ അനുസരിക്കുക എന്നതാണ്. ഇത് നമ്മളാരും തന്നെ ശരിയായി ചെയ്തിട്ടില്ല. "പകരം എല്ലാവരും പാപം ചെയ്തുകൊണ്ടിരിക്കുന്നു" (റോമർ 3:23)

എന്നാൽ നമുക്ക് ഒരു സുവാർത്തയുണ്ട്. ഏകദേശം 2000 വർഷങ്ങൾക്കു മുമ്പ് നമുക്കുവേണ്ടിയുള്ള സ്നേഹ പ്രവർത്തനമായി യേശു പത്തുകല്പനകൾ അനുസരിച്ച് കഴിഞ്ഞു. തൽഫലമായി യേശു കർത്താവ് "നമ്മുടെ നീതി" ആയിതീർന്നു. പക്ഷെ നമുക്ക് ഒഴിവാക്കാനാകാത്ത മോശമായ വാർത്തയുമുണ്ട്. ''പാപത്തിന്റെ ശമ്പളം മരണം അത്രെ" (റോമർ 6:23). അതായത് പത്തു കല്പനകൾ ലംഘിക്കുന്നതിന്റെ ദൈവീക ശിക്ഷ നിത്യനാ

ശമാണ്. ദൈവനീതി അത് ആവശ്യപ്പെടുന്നു. അതിൽ നിന്ന് തെറ്റി ഒഴിയാവതുമല്ല. ഇവിടെ കുറെ അധികം സുവാർത്ത വീണ്ടുമുണ്ട്. തന്റെ ഭൗമിക ജീവിത അവസാനം "ക്രിസ്തു നമ്മുടെ പാപ ങ്ങൾക്കു വേണ്ടി മരിച്ചതുകൊണ്ട് നമ്മുടെ പാപ ങ്ങൾ ക്ഷമിച്ചു തരുവാനും നമ്മെ കുറ്റവിമുക്തരാ ക്കുവാനും നമ്മെ കഴുകിവെടിപ്പാക്കുവാനും അവനു സാധിക്കുന്നു!

സമ്മാനങ്ങൾ ലഭിക്കുമ്പോൾ നിങ്ങൾ സന്തോഷി ക്കുന്നില്ലേ? പ്രത്യേകിച്ചു കുട്ടികൾ ഏറ്റവും അധികം സന്തോഷിക്കുന്നു. അതു നഷ്ടപ്പെടുത്ത രുത്. നിത്യജീവൻ ലഭ്യമാക്കുന്ന നീതിയുടെ ദാന മായ ഒരു സൗജന്യ സമ്മാനം സർവ്വശക്തനായ ദൈവം നിങ്ങൾക്കു തരുന്നു(റോമർ 5:17; 6:23) . രക്ഷകനായ യേശുവിൽ വിശ്വസിച്ചുകൊണ്ട് പാപ ത്തിൽ നിന്ന് ഒഴിഞ്ഞിരിപ്പാൻ നിങ്ങൾ ആഗ്രഹിക്കു ന്നെങ്കിൽ നിങ്ങളുടെ പാപങ്ങൾക്കു നേരെ ക്രി സ്തുവിന്റെ കല്പനാ അനുസരണ ജീവിതം രേഖ പ്പെടുത്തുന്നു. നിങ്ങളുടെ സ്വർഗ്ഗീയ രേഖാപുസ്ത കത്തിൽ ക്രിസ്തു പത്തു കല്പന അനുസരിച്ചത് നിങ്ങൾക്കു വേണ്ടി എഴുതപ്പെടുകയും നിങ്ങളെ പാപം ചെയ്യാത്തവനായി പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നു(വെളിപ്പാട് 20:12). "നിരപരാധി!" "കുറ്റമി ല്ലാത്തവൻ!" "മാപ്പു ലഭിച്ചവൻ!" നിങ്ങൾ എത്ര ഹീന

പാപി ആണെങ്കിലും സ്വർഗ്ഗീയ രാജാവ് നിങ്ങളെക്കുറിച്ച് ഇങ്ങനെ പ്രഖ്യാപിക്കുന്നു. യഥാർത്ഥ സ്നേഹം എവിടെ ലഭിക്കുമെന്ന് ആഗോള വ്യാപകമായ അന്വേഷണം നടത്തുവാൻ ഇതു നമ്മെ സഹായിക്കുന്നു. ഇതു വിശദീകരിക്കുന്നതിന് ഒരു കഥ ചുവടെ ചേർക്കുന്നു.

അനുസരണം കെട്ട ഒരു കൗമാരക്കാരൻ ഒരിക്കൽ അവന്റെ പിതാവുമായി വഴക്കിട്ടു. "ഞാൻ പോകയാണ്. ഇനി ഒരിക്കലും നിങ്ങൾ എന്നെ കാണുകയില്ല" എന്നു പറഞ്ഞുകൊണ്ടവൻ വീടുവിട്ടിറങ്ങി. പക്ഷെ അവന്റെ ജീവിതം പ്രയാസങ്ങൾ നിറഞ്ഞതായിരുന്നു. മൂന്നു വർഷങ്ങൾക്കു ശേഷം വീടിനെക്കുറിച്ചുള്ള ചിന്ത അവനെ അതിയായി അലട്ടി തുടങ്ങി. " എന്റെ അപ്പൻ എന്നെ സ്വീകരിക്കുമോ" എന്നവൻ ചിന്തിച്ചു ഭയപ്പെട്ടു. രണ്ടു ദിവസം കഴിഞ്ഞ് ധൈര്യം സംഭരിച്ചുകൊണ്ട് അവൻ അമ്മയ്ക്ക് ഫോൺ ചെയ്തു. "അമ്മേ ദയവായി അപ്പനോടു സംസാരിക്കുക. അടുത്ത തിങ്കളാഴ്ച്ച ഉച്ച കഴിഞ്ഞ് നമ്മുടെ കുന്നിൻ ചെരിവിൽ കൂടെ പോകുന്ന ട്രെയിനിൽ ഞാൻ യാത്ര ചെയ്യും. ഞാൻ വീട്ടിൽ വരുന്നത് അപ്പന് ഇഷ്ടമാണെങ്കിൽ നമ്മുടെ വീടിന്റെ മുൻവശത്ത് ഒരു വെളുത്ത അടയാളം വെയ്ക്കുക". ഇത്രയും പറഞ്ഞ് അവൻ അവസാനിപ്പിച്ചു. ചിന്താകുലനായ കൗമാരക്കാരൻ തിങ

ളാഴ്ച രാവിലെ ട്രെയിനിൽ കയറി. അവന്റെ തൊട്ട ടുത്ത സീറ്റ് ഒരു ക്രിസ്തീയ പുരോഹിതന്റേത് ആയിരുന്നു. "നീ ഇത്രമാത്രം ചിന്താകുലനായിരിക്കുന്നത് എന്താണ്" ? പാസ്റ്റർ ചോദിച്ചു. അവൻ തന്റെ കഥയെല്ലാം പറഞ്ഞു കേൾപ്പിച്ചു."സർ, ട്രെയിൻ ആ വളവ് തിരിയുമ്പോൾ ആ കുന്നിൻമുകളിലുള്ള വീട്ടിലേക്കു ഒന്നുനോക്കുമോ? അത് എന്റെ വീടാണ്. അവിടെ എന്തെങ്കിലും വെള്ളനിറത്തിൽ കാണുന്നുണ്ടെങ്കിൽ ദയവായി എന്നോടുപറയുക. അങ്ങോട്ടു നോക്കാൻ എനിക്ക് ഭയമാണ്"

ട്രെയിൻ വളവുതിരിഞ്ഞ് വന്നപ്പോൾ പുരോഹിതൻ കുന്നിൻമുകളിലേക്ക് നോക്കി. അവിടെ കണ്ട കാഴ്ച തന്റെ പൗരോഹിത്യ മഹിമയെ പോലും മറന്നു കളയത്തക്കതായിരുന്നു. തുള്ളിച്ചാടിക്കൊണ്ട് അദ്ദേഹം ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. "മോനെ നോക്ക്, നോക്ക് " അവൻ കണ്ണു തുറന്ന് നോക്കിയപ്പോൾ കണ്ട കാഴ്ച അവനെ അതിശയിപ്പിച്ചു. കുന്നിൻപുറത്തുള്ള അവന്റെ ചെറിയ വീടിന്റെ മുൻവശമെല്ലാം വീട്ടിലുള്ള വെളുത്ത മുണ്ടുകൾ, വിരികൾ, ടവ്വലുകൾ, മേശവിരികൾ, തോർത്തുകൾ, തൂവാലകൾ എന്നിവ കൊണ്ട് വിരിച്ച് അലങ്കരിച്ചിരിക്കുന്നു. അവന്റെ അപ്പൻ അവനെ എത്രമാത്രം സ്നേഹിക്കുകയും അവൻ വീട്ടിൽ വരുവാൻ ആഗ്രഹിക്കുകയും ചെയ്തിരു

ന്നു. അവൻ ട്രെയിനിൽ നിന്ന് ഇറങ്ങി ഓടി മാതാപിതാക്കളുടെ കരവലയത്തിലേക്ക് വീണു.

പ്രിയ വായനക്കാരേ, യേശു നിങ്ങളെ സ്നേഹിക്കുകയും നിങ്ങൾ ഭവനത്തിൽ വരുവാൻ കാത്തിരിക്കുകയും ചെയ്യുന്നു. നിങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ചുകൊണ്ട് രക്ഷകനായ യേശുവിൽ വിശ്വസിക്കുക. നിങ്ങളുടെ കഴിഞ്ഞ കാല ജീവിതം എത്രമാത്രം കളങ്കപ്പെട്ടതാണെങ്കിലും ശരി അവയെല്ലാം ക്ഷമിക്കപ്പെടുകയും യേശുവിന്റെ കളങ്കരഹിതമായ നീതിയിൻ വസ്ത്രത്താൽ നിങ്ങൾ പൊതിയപ്പെടുകയും ചെയ്യും(യെശയ്യാവ് 61:10; വെളി. 3:18 കാണുക) കർത്താവ് തന്റെ വാഗ്ദത്തം നിറവേറ്റും (1 യോഹന്നാൻ 1:9) നിങ്ങൾക്ക് ഇതിനായി യേശുവിൽ ആശ്രയിക്കാം.

"തെറ്റായ സ്ഥലങ്ങളിലെല്ലാം ഞാൻ സ്നേഹത്തിനു വേണ്ടി നോക്കി അലയുന്നു" എന്നു നാം ആരംഭത്തിൽ കണ്ട ഗാനം പിന്നീട് ഇങ്ങനെ പറയുന്നു: "നീ എന്റെ ഹൃദയകവാടത്തിൽ വന്നുമുട്ടി. ഞാൻ അന്വേഷിച്ചതെല്ലാം നിന്നിൽ കണ്ടു". ഈ വാക്കുകളുടെ ശരിയായ നിറവേറൽ നിങ്ങളുടെ രക്ഷകനായ യേശുക്രിസ്തുവിൽ മാത്രമാണ്.

നിങ്ങൾക്കു വേണ്ടിയുള്ള ദൈവത്തിന്റെ സ്നേഹദാനമാണ് യേശു.

ദൈവത്തിന്റെ പത്തു കല്പന ലംഘിച്ചുകൊണ്ട്

ചെയ്ത പാപങ്ങൾ മൂടപ്പെടുവാൻ യേശുവിന്റെ നീതിയെന്ന ദാനം മാത്രമേയുള്ളൂ. ദൈവസ്നേഹം നിറഞ്ഞു തുളുമ്പുന്ന ശോഭയേറിയ ആ നാളിൽ നിങ്ങളും നിത്യജീവൻ പ്രാപിച്ചവനാകും(വെളി. 21:4, 5 കാണുക).

ഏറ്റവും വലിയ ചോദ്യമിതാണ്. നിങ്ങൾ മാന സാന്തരപ്പെട്ടുകൊണ്ട് ഈ ദാനം സ്വീകരിക്കുകമോ?

കൂടുതൽ പഠനത്തിന്

GIVING LIGHT TO OUR WORLD

## More on This Topic

Scan the QR code or visit the link below.

www.hopetv.org/glow-peace

Hope Channel

DIRECTV Channel 368



## Free Bible Studies

You can also contact us for information about our free Bible study plans and literature.

**www.glowonline.org**